43

# ക്ഷീണിപ്പിക്കുന്ന തടസങ്ങൾ അല്ലെങ്കിൽ ഉപകാരപ്രദമായ ഇടവേളകൾ?

***വായനാ ഭാഗം #17***

VI. മൂന്നാമത്തെ പെസഹ മുതൽ യേശു ബെഥാന്യയിൽ[1] എത്തുന്നതുവരെ.

A. മൂന്നാമത്തെ പെസഹാ (യോഹ. 6:4; 7:1 നോക്കുക).

B. സമ്പ്രദായത്തെ പരിഗണിക്കാതിരുന്നതിനെ കുറ്റപ്പെടുത്തി (മത്താ. 15:1–20; മർക്കൊ. 7:1–23).

C. ഹെരോദാവിന്റെ പ്രദേശത്തുനിന്ന് മാറിപ്പോയി (മത്താ. 15:21; മർക്കൊ. 7:24).

D. ഫൊയ്നിക്യക്കാരി (അല്ലെങ്കിൽ കനാന്യ) സ്ത്രീയുടെ മകളെ സൗഖ്യമാക്കുന്നു (മത്താ. 15:22–28; മർക്കൊ. 7:25–30).

E. ഹെരോദാവിന്റെ പ്രദേശത്തെ ഒഴിവാക്കുന്നു (മത്താ. 15:29; മർക്കൊ. 7:31).

F. ഒരു ചെകിടൻ അടക്കം, അനേകം പേരെ സൗഖ്യമാക്കുന്നു (മത്താ. 15:30, 31; മർക്കൊ. 7:32–37).

G. നാലായിരം പേരെ പോറ്റുന്നു (മത്താ. 15:32–39; മർക്കൊ. 8:1–9).

**മുഖവുര**

തടസങ്ങളെ നന്നായി കൈകാര്യം ചെയ്യുവാൻ എനിക്ക് കഴിവില്ല. ഓരോ ദിവസത്തേക്കുമുള്ള പദ്ധതി ഞാൻ തയ്യാറാക്കും. ആഴ്ച്ചക്കും, മാസത്തിനും, വർഷത്തിനും ഞാൻ പദ്ധതി തയ്യാറാക്കും. ഓരോ പ്രവൃത്തിയും തീർക്കുവാൻ വേണ്ട ഉദ്ദേശ സമയവും ഞാൻ കണക്കാക്കും. എന്റെ കാര്യപരിപാടിയിൽ തടസങ്ങൾക്ക് സ്ഥാനമില്ല. അതുകൊണ്ടു തടസങ്ങൾ വരുമ്പോൾ – അവ ഒഴിഞ്ഞു മാറാനാവാതെ വരുമ്പോൾ – അതു എന്നെ നിരാശപ്പെടുത്തും.

പ്രത്യേകമായി എന്റെ നാൽപതുവർഷത്തെ മുഴുവൻ-സമയ പ്രസംഗകാലയളവിൽ എനിക്ക് ആ വിഷമം നേരിട്ടിട്ടുണ്ട്. തടസങ്ങൾക്കായി കുറെ സമയം നീക്കി വെക്കണമെന്നാണ് സുവിശേഷകന്റെ പ്രവൃത്തികളെക്കുറിച്ചുള്ള പുസ്തകങ്ങൾ പറയുന്നത്. നട്ടപ്പോഴുണ്ടായ തിനേക്കാൾ ഫലങ്ങൾ ചിലപ്പോൾ തടസങ്ങളുണ്ടാകുമ്പോൾ പുറ പ്പെടുവിക്കുമെന്നാണ് ആ പുസ്തകങ്ങളുടെ ലേഖകന്മാർ പറയുന്നത്. അതു സത്യമാണെന്നു അറിഞ്ഞുകൊണ്ടു തന്നെ, ഓരോ ദിവസവും കൂടുതൽ നേട്ടത്തിനായി ഇപ്പോഴും ശ്രമിക്കുന്നു – തടസപ്പെടുമ്പോൾ ഞാൻ

വ്യാകുലപ്പെടുന്നു.

ഈ പാഠത്തിൽ, യേശു എങ്ങനെ തടസങ്ങളെ നേരിട്ടു എന്നു കാണാം. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രസംഗശേഷം, "അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപോയി, പിന്നെ അവനോടുകൂടെ സഞ്ചരിച്ചില്ല" എന്നതു, നിങ്ങൾ ഓർമ്മിക്കുന്നുണ്ടാകും (യോഹന്നാൻ 6:66; കെജെവി). അന്നുമുതൽ, അവൻ അവരെ വിട്ടുപോകുവാനിരിക്കകൊണ്ട് പന്തിരുവരെ ഒരുക്കുവാനായി ശ്രദ്ധിച്ചുകൊണ്ടിരുന്നു, നിങ്ങൾക്ക് തന്നിരിക്കുന്ന വായനാഭാഗം വായിക്കുമ്പോൾ, കർത്താവ് വീണ്ടും വീണ്ടും ഗലീലിയിൽ നിന്നു പിൻവാങ്ങി പോകുന്നതായി കാണാം. ശത്രുക്കളുമായി ഏറ്റുമുട്ടുന്നത് ഒഴിവാക്കണം എന്നതായിരുന്നു ഒരു കാരണം, മറ്റൊരു കാരണം അപ്പൊസ്തലന്മാരുമായി സമയം ചെലവിടുന്നതിനായിരുന്നു. എങ്ങനെയായാലും, യേശുവിന്റെ ആ ഉദ്ദേശത്തെ തുടർച്ചയായി തടസപ്പെടുത്തിയിരുന്നു: ശത്രുവിനാലും മിത്രത്താലും അവനു തടസം നേരിട്ടു. കുഴപ്പം പിടിച്ച തടസങ്ങൾ അവൻ എങ്ങനെ ഉപകാരപ്രദമായ ഇടവേളകളാക്കി എന്നതിനെ കുറിച്ചുള്ളതാണ് ഈ പാഠം.

## വിമർശനത്താൽ തടസപ്പെട്ടു (മത്താ. 15:1-20; മർക്കൊ. 7:1-23; നോക്കുക യോഹ. 6:4; 7:1)

അയ്യായിരം പേരെ പോഷിപ്പിക്കുന്നതിനെ കുറിച്ച് യോഹന്നാൻ പറഞ്ഞപ്പോൾ, അവൻ എഴുതി, "അപ്പോൾ, യെഹൂദന്മാരുടെ പെസഹാ പെരുന്നാൾ, അടുത്തിരുന്നു" (യോഹന്നാൻ 6:4). യോഹന്നാൻ 5:1–ലെ ''യെഹൂദന്മാരുടെ പെരുന്നാൾ'' എന്നതു പെസഹയാണെങ്കിൽ, യോഹന്നാന്റെ പുസ്തകത്തിലെ മൂന്നാമത്തെ പെസഹയാണ് 6:4–ൽ പറഞ്ഞിരിക്കുന്നത്.

പല എഴുത്തുകാരും (ഒരുപക്ഷെ മിക്കപേരും) കരുതുന്നത് യേശു യോഹന്നാൻ 6:4–ൽ പറഞ്ഞിരിക്കുന്ന പെസഹക്കു പോയിരുന്നില്ല എന്നാണ്, അതിന്റെ മുഖ്യ കാരണം, യോഹന്നാൻ 7:1–ൽ പറയുന്നു, "അതിന്റെ ശേഷം യേശു ഗലീലയിൽ സഞ്ചരിച്ചു, യെഹൂദന്മാർ അവനെ കൊല്ലുവാൻ അന്വേഷിച്ചതുകൊണ്ട് യെഹൂദ്യയിൽ സഞ്ചരിപ്പാൻ അവന്നു മനസില്ലായിരുന്നു." യേശു പെരുന്നാളിനു പോ*യിരുന്നു*വെങ്കിൽ തന്നെ – ഞാൻ കരുതുന്നത് അവൻ പോയി[2] എന്നാണ് – അവൻ വളരെ രഹസ്യമായി[3] പോയിരിക്കാം (യോഹന്നാൻ 7:10 താരതമ്യപ്പെടുത്തുക). ആ പെസഹയിൽ എന്തെങ്കിലും പ്രത്യേകമായി സംഭവിച്ചതായി രേഖയൊന്നുമില്ല.

നമ്മുടെ പരമ്പരയെ സംബന്ധിച്ച്, യോഹന്നാൻ 6:4–ൽ പെസഹാ സൂചിപ്പിച്ചിരിക്കുന്നതിന്റെ മുഖ്യ കാരണം യേശുവിന്റെ ജീവിതത്തിലെ കാലനിർണ്ണയം നല്കുന്നതിനു വേണ്ടിയാണ്. ആ പെസഹ മുതൽ ആറു മാസം കഴിയുന്നതുവരെ, അവന്റെ വലിയ ഗലീലിയൻ ശുശ്രൂഷയുടെ[4] അവസാന ഘട്ടമുണ്ട്, ആ പ്രദേശത്തു നിന്നു പല പ്രാവശ്യം പിൻവാങ്ങുന്ന ഘട്ടമാണത്.

### ഒരു കുഴപ്പമുള്ള തടസം

യെരുശലേമിൽനിന്നു[5] പരീശന്മാരുടേയും ശാസ്ത്രിമാരുടേയും ഒരു കമ്മിറ്റി

വന്നപ്പോൾ, യേശു ഗലീലിയിൽ ഉപദേശിക്കുന്നതോടെയാണ് നമ്മുടെ പാഠം ആരംഭിക്കുന്നത്. അവർ ക്രിസ്തുവിനെ തടസ്സപ്പെടുത്തുവാൻ മടിച്ചില്ല. അവർ "അവനു ചുറ്റും കൂടി" എന്നാണ് മർക്കൊസ് 7:1 പറയുന്നത്. പുരുഷാരത്തിനിടയിൽകൂടി തിക്കിതിരക്കി അവർ യേശുവിനു ചുറ്റും നിന്നു, അവന്റെ മുഖത്തു നോക്കി ഉച്ചത്തിൽ പറയുന്നത് എനിക്കു കാണുവാൻ കഴിയുന്നു. ഈ സമയത്ത്, അവർക്ക് ഒരു പുതിയ ആരോപണമാണുണ്ടായിരുന്നത്: അവന്റെ ശിഷ്യന്മാർ കഴുകാത്ത കൈകൾ കൊണ്ട് ഭക്ഷിച്ചു, അവരുടെ പുരാതന സമ്പ്രദായത്തെ ലംഘിക്കുന്നു. മോശെയുടെ ന്യായപ്രമാണം പോലെ വിശുദ്ധമാണ് ആ സമ്പ്രദായങ്ങളുമെന്നാണ് പരീശന്മാർ ധരിച്ചിരുന്നത്.

**ഉപകാരപ്രദമായ ഒരു ഇടവേള**

കുഴപ്പം പിടിച്ച തടസങ്ങൾ നേരിട്ടപ്പോൾ മനുഷ്യ-നിർമ്മിതമായ സമ്പ്രദായങ്ങളെ കുറിച്ചു പഠിപ്പിക്കുവാനുള്ള അവസരമായി ഉപയോഗിച്ചുകൊണ്ട് ക്രിസ്തു അതിനെ ഉപകാരപ്രദമാക്കി. ദൈവശ്വാസിയ മല്ലാത്ത സമ്പ്രദായങ്ങളുടെ അപകടത്തെക്കുറിച്ച്, അവൻ തന്നെ ആരോപിച്ചവർക്ക് ശക്തമായ മുന്നറിയിപ്പ് നല്കി. സമ്പ്രദായങ്ങളെ "മനുഷകല്പനകളായ ഉപദേശങ്ങളായിട്ടാണ്" അവൻ അത്തരം സമ്പ്രദായങ്ങളെ ഊന്നി പറഞ്ഞത് (മർക്കൊസ് 7:7), അല്ലാതെ അതു ദൈവത്തിന്റേതല്ല. പരീശന്മാർ [തങ്ങളുടെ] "സമ്പ്രദായംകൊണ്ടു ദൈവകല്പന ലംഘിക്കുന്ന" തായിട്ടാണ് യേശു അവരെ കുറ്റപ്പെടു ത്തിയത് (മത്തായി 15:3). തങ്ങളുടെ പണത്തിന്റെ ഒരു ഭാഗമോ അല്ലെങ്കിൽ മുഴുവനോ മനുഷ്യൻ "ദൈവത്തിനു സമർപ്പിച്ചു" (മർക്കൊസ് 7:11; മത്തായി 15:5 നോക്കുക), പിന്നെ പ്രായമായ അപ്പനോടും അമ്മയോടും, "ഞങ്ങളോടു ക്ഷമിക്കണം, ഈ പണം നിങ്ങളെ സഹായിക്കുവാൻ[6] അനുവദനീയമല്ല" എന്നു പറയുന്ന, ഒരു പുരാതനമായ മനുഷ്യ-നിർമ്മിത സമ്പ്രദായം ഉപയോഗിച്ചുകൊണ്ട് അവൻ ഇതിനെ ചിത്രീകരിക്കുകയുണ്ടായി.

അവൻ പിന്നെ പുരുഷാരത്തിലേക്ക് തിരിഞ്ഞു. തുടർന്നു, അവൻ പറഞ്ഞു, കൈകൾ കഴുകുന്നത്, പഴയ ഏർപ്പാടാണ് എന്നപോലെ, അതിന്റെ അടിസ്ഥാന ഉദ്ദേശവും തെറ്റിയിരിക്കുന്നു: "മനുഷ്യന്നു അശുദ്ധിവരുത്തുന്നതു [അതായതു, പ്രമാണസംബന്ധമായ അശുദ്ധി], വായിക്കകത്തു ചെല്ലുന്നതു അല്ല. വായിൽ നിന്നു പുറപ്പെടുന്നതത്രേ [അതായതു, മനുഷ്യന്റെ വാക്കുകൾ], അതു മനുഷ്യനെ അശുദ്ധമാക്കുന്നു" (മത്തായി 15:11). അതു ശുദ്ധിയെ സംബന്ധിച്ച കാര്യമായിരുന്നില്ല, മറിച്ച് പ്രമാണസംബന്ധമായ അശുദ്ധിയായിരുന്നു എന്നു മനസ്സിലാക്കുക. അതു വിശദീകരിക്കണമെന്നു പത്രൊസ് പിന്നീട് ആവശ്യപ്പെടുകയും, കർത്താവ് മറുപടി കൊടുക്കയും ചെയ്തു,

> വായിക്കകത്തു കടക്കുന്നതു എല്ലാം വയറ്റിൽ ചെന്നിട്ടു, മറപ്പുരയിൽ പോകുന്നു എന്നു ഗ്രഹിക്കുന്നില്ലയോ? വായിൽ നിന്നു പുറപ്പെടുന്നതോ ഹൃദയത്തിൽനിന്നു വരുന്നു, അതു മനുഷ്യനെ അശുദ്ധമാക്കുന്നു. എങ്ങനെയെന്നാൽ ദുശ്ചിന്ത, കുലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസ്സാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽ നിന്നു പുറപ്പെട്ടുവരുന്നു. മനുഷ്യനെ അശുദ്ധമാക്കുന്നതു ഇതത്രേ; കഴുകാത്ത കൈകൊണ്ടു ഭക്ഷിക്കുന്നതോ മനുഷ്യനെ അശുദ്ധമാക്കുന്നില്ല (മത്തായി 15:17-20).

പിന്നീട് യേശുവും ശിഷ്യന്മാരും മാത്രമായപ്പോൾ, അവൻ അവരെ ഉപദേശിച്ചു. പരീശന്മാർ തങ്ങളെത്തന്നെ[7] എങ്ങനെ കാണുന്നു എന്നതിനെ കുറിച്ച് അവൻ അവരോടു മുന്നറിയിക്കയുണ്ടായി. പരീശന്മാരുടെ ഉപദേശത്തെ കളകളായിട്ടും അവയെ ദൈവം പിഴുതു കളയുമെന്നും അവൻ അവരോട് പറഞ്ഞു (മത്തായി 15:13). കുരുടന്മാരെ[8] നയിക്കുന്ന കുരുടന്മാരാണ് ആ മതാദ്ധ്യക്ഷന്മാർ എന്നു അവൻ അവരെക്കുറിച്ച് സൂചിപ്പിച്ചു (അവരുടെ ഉപദേശത്തെ ചോദ്യം ചെയ്യാതെ[9] പിൻപറ്റിയവർ). തടസം നേരിട്ടപ്പോൾ – ആവശ്യമായ പാഠങ്ങളായിരുന്നു അവ.

കർത്താവിന്നായി നിങ്ങൾ എന്തെങ്കിലും ചെയ്യുന്നുവെങ്കിൽ, വിമർ ശനം ഉണ്ടാകുവാൻ ശക്തമായ സാധ്യതയുണ്ട്. വിമർശനത്തെ ഒഴിവാക്കുവാനായി ഒന്നും ചെയ്യാതെ ഒന്നുമല്ലാത്തവരായിരിക്കുന്നതാണ് നല്ലതെന്ന് ആരോ പറഞ്ഞിട്ടുണ്ട്. നിങ്ങൾ പരമാവതി നല്ലതു ചെയ്യു കയും വിമർശനത്താൽ തടസം നേരിടുകയും ചെയ്യുമ്പോൾ, പല രീതി യിൽ നിങ്ങൾക്ക് അതിനോടു പ്രതികരിക്കാം: നമുക്ക് പലർക്കു മുണ്ടാകുന്നതുപോലെ, നിങ്ങൾക്കും ദുഃഖമുണ്ടായെന്നു വരാം; ചിലർ ചെയ്യുന്നതുപോലെ, നിങ്ങൾക്ക് വിട്ടുപോകാം; അല്ലെങ്കിൽ ക്രിസ്തു ചെയ്തതുപോലെ, ആ സാഹചര്യത്തെ ഉപകാരപ്രദമാക്കാം.

നിങ്ങൾ വിമർശനം നേരിടുമ്പോൾ, അതിൽ എന്തെങ്കിലും സത്യം ഉണ്ടോ എന്നു നോക്കുക (എന്റെ അനുഭവത്തിൽ, പലപ്പോഴും അതാണ്). അടുത്തതായി, അതിനു എന്തെങ്കിലും ഉത്തരമോ വിശദീകരണമോ നല്കുന്നതു ഗുണം ചെയ്യുമോ എന്നു നോക്കണം. അവസാനം, നിങ്ങളുടെ ജോലിയിലേക്ക് മടങ്ങുകയും, കർത്താവിനു വേണ്ടി ഏറ്റവും നന്നായി പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്യുക. നിങ്ങൾ ഇങ്ങനെ പ്രതികരിച്ചാൽ, നീങ്ങൾക്കും, കൂടെ, കുഴപ്പം പിടിച്ച അത്തരം തടസങ്ങളെ ഉപകാരപ്രദമായ ഇടവേളകളാക്കി മാറ്റാം.

### ഒരു നിലവിളിയാലുള്ള തടസം
### (മത്താ.15:21-28; മർക്കൊ. 7:24-30)

തന്റെ ശത്രുക്കളുമായുള്ള ഏറ്റുമുട്ടലിനു ശേഷം, യേശു "സോർ സീദോൻ എന്നീ പ്രദേശങ്ങളിലേക്ക് വാങ്ങിപോയി" (മത്തായി 15:21). അതിനുള്ള ഒരു കാരണം പരീശന്മാരിൽ നിന്നും അകന്നു പോകുവാനാകാം എന്നു നാം കണ്ടു കഴിഞ്ഞു, എന്നാൽ യേശുവിന്റെ പ്രാഥമികമായ ഉദ്ദേശം തന്റെ ശിഷ്യന്മാരുമായി[10] മാത്രം സമയം ചെലവിടുക എന്നതായിരുന്നു. തന്റെ ശത്രു തന്നെ കൊല്ലുമ്പോഴേക്ക് അപ്പൊസ്തലന്മാരെ പരിശീലിപ്പിക്കുവാൻ വർദ്ധിച്ചുവന്ന ശത്രുത സഹായകരമായി.

നമുക്ക് അറിയാവുന്നേടത്തോളം, അവൻ അപ്പോഴായിരുന്നു ആദ്യമായി വിദേശമണ്ണിൽ കാൽ കുത്തിയത്. പുരാതന ഫൊയ്നിക്യയിലെ[11] പട്ടണങ്ങളായിരുന്നു സോരും സിദോനും. മദ്ധ്യധരണ്യാഴി കടലിന്റെ വടക്കുകിഴക്കേ മൂലയിൽ സ്ഥിതി ചെയ്തിരുന്ന ഒരു ചെറിയ ഇടുങ്ങിയ പ്രദേശമായിരുന്നു ഫൊയ്നിക്യ, അതു ഗലീലയുടെ വടക്കു പടിഞ്ഞാറായിരുന്നു. ക്രിസ്തുവിന്റെ കാലത്ത്, റോമൻ പ്രദേശമായിരുന്ന സിറിയയുടെ ഭാഗമായിരുന്നു അത്.

**കുഴപ്പം പിടിച്ച ഒരു തടസം**

യേശു ''സോരിന്റെ തീരത്ത്'' എത്തിയപ്പോൾ, തന്റെ സാന്നിധ്യം രഹസ്യമാക്കി വെക്കുവാൻ, അവൻ ഒരു "വീട്ടിൽ പ്രവേശിച്ചു," പക്ഷെ "അവനെ ശ്രദ്ധിക്കുന്നതു ഒഴിവാക്കുവാൻ കഴിഞ്ഞില്ല" (മർക്കൊസ് 7:24). "സോർ സീദോൻ എന്നീ പ്രദേശങ്ങളിലേക്ക്" യേശുവിന്റെ ശുശ്രൂഷയുടെ ശ്രുതി വ്യാപിച്ചതായി മുമ്പുള്ള ഒരു പാഠത്തിൽ നാം പഠിക്കുകയുണ്ടായി (മർക്കൊസ് 3:8). അതുകൊണ്ട്, അധികം താമസിക്കുന്നതിനു മുമ്പ്, അവന്റെ സഹായം അഭ്യർത്ഥിച്ച് ഒരാൾ അവനെ തടസപ്പെടുത്തുകയുണ്ടായി: ''അശുദ്ധാത്മാവു ബാധിച്ച ചെറിയ മകൾ ഉള്ളോരു സ്ത്രീ അവന്റെ വസ്തുത കേട്ടിട്ടു, വന്നു അവന്റെ കാൽക്കൽ വീണു. അവൾ സുറോഫൊയീക്യ ജാതിയി ലുള്ള,[12] ഒരു യവനസ്ത്രീ ആയിരുന്നു'' (മർക്കൊസ് 7:25, 26). സിറിയയിലെ മറ്റു പൗരന്മാരിൽ നിന്നു ഫൊയ്നിക്യക്കാരെ വേർതിരിക്കു വാനായിരുന്നു "സുറോഫൊയീക്യ" എന്ന വാക്ക് ഉപയോഗിച്ചിരുന്നത്.

"ദാവീദ്പുത്രാ, എന്നോട് കരുണ, തോന്നേണമേ," എന്നു ആ സ്ത്രീ നിലവിളിച്ചു പറഞ്ഞു (മത്തായി 15:22). മശിഹയെ കുറിച്ച് യിസ്രായേൽ പറയുന്ന വാക്കായിരുന്നു "ദാവീദ് പുത്രാ'' എന്നത്. യെഹൂദന്മാരുടെ പ്രത്യാശ അവരുടെ[13] ചുറ്റുമുള്ള ദേശങ്ങളിലേക്കും വ്യാപിച്ചിരുന്നു. അവൾ യേശുവിനോടു പറഞ്ഞു, എന്റെ മകൾക്ക് ''ഭൂതോ-പദ്രവം കഠിനമായിരിക്കുന്നു'' (മത്തായി 15:22). ''തന്റെ മകളിലുള്ള ഭൂതത്തെ പുറത്താക്കുവാൻ അവൾ യേശുവിനോട് അപേക്ഷിച്ചു*കൊണ്ടിരുന്നു*'' എന്നാണ് മർക്കൊസ് ഊന്നി പറയുന്നത് (മർക്കൊസ് 7:26; എംഫസിസ് മൈൻ). അവൾ നിലവിളിച്ചു കൊണ്ടിരുന്നു എന്നാണ്, മത്തായി പറഞ്ഞിരിക്കുന്നത് (മത്തായി 15:23). തുടർച്ചയായി, *ശബ്ദമുണ്ടാക്കിയിരുന്ന* ഒരു അമ്മയായിരുന്നു അവൾ. അവളുടെ കൊച്ചു പെൺകുട്ടിക്കു സഹായം വേണ്ടിയിരുന്നതു, എല്ലാവരേയും അറിയിക്കുവാൻ അവൾ ആഗ്രഹിച്ചു. നിങ്ങൾക്ക് രോഗമുള്ള ഒരു ചെറിയ കുട്ടി ഉണ്ടെങ്കിൽ, നിങ്ങൾക്ക് അവളോടു സഹതാപം തോന്നും.

**ഉപകാരപ്രദമായ ഒരു ഇടവേള**

സുവിശേഷവിവരണങ്ങളിൽ യേശുവും ആ സ്ത്രീയുമായുള്ള സംഭാഷണം നാടകീയമായിട്ടാണ് പറഞ്ഞിരിക്കുന്നത്. പുറമെ നോക്കിയാൽ, യേശു അവളെ അവഗണിച്ച് പരിഹസിക്കുന്നതായി തോന്നി യേക്കാം. ആരം ഭത്തിൽ, അവൻ അവളെ അവഗണിച്ചു, ശിഷ്യന്മാർ അവളെ[14] ഒഴിവാക്കുവാനും ശ്രമിച്ചിരുന്നു (മത്തായി 15:23). അവസാനം അവൻ അവ ളോടു സംസാരിച്ചപ്പോൾ, അവൻ പറഞ്ഞു, "യിസ്രായേലിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല" (മത്തായി 15:24).

നിരാശയിലായിരുന്ന ആ അമ്മയെ അതിൽനിന്നു പിന്തിരിപ്പിക്കുവാൻ ഒന്നിനും കഴിയുമായിരുന്നില്ല. അവൾ തുടർച്ചയായി അപേക്ഷിച്ചു കൊണ്ടിരുന്നു, "കർത്താവേ, എന്നെ സഹായിക്കേണമേ!" (മത്തായി 15:25). യേശു പ്രതികരിച്ചു, "മുമ്പെ മക്കൾക്ക് തൃപ്തി വരട്ടെ,[15] മക്കളുടെ അപ്പം എടുത്ത് ചെറുനായ്ക്കൾക്ക് കൊടുക്കുന്നതു നന്നല്ല" (മർക്കൊസ് 7:27).

ഈ വാചകത്തിലെ ''മക്കൾ'' എന്നതു യെഹൂദന്മാരെ ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത് – അതിൽ പറഞ്ഞ "നായ്ക്കൾ" ജാതികളുമാണ്. നിങ്ങളെ ഒരു നായ് എന്നു വിളിച്ചാലോ? ആ സ്ത്രീ യുടെ സ്ഥാനത്ത് ഞാനായിരുന്നു എങ്കിൽ, ദേഷ്യപ്പെട്ട് പോകുമാ യിരുന്നു! പകരം, അവൾ ബുദ്ധിപൂർവ്വം മറുപടി പറഞ്ഞു, "അതേ, കർത്താവേ, ചെറുനായ്ക്കളും മേശെക്കു കീഴെ കുട്ടികളുടെ അപ്പനുറുക്കുകളെ തിന്നുന്നുവല്ലോ" "ഉടയ[വരുടെ] മേശ യിൽനിന്നു വീഴുന്ന" (മർക്കൊസ് 7:27; മത്തായി 15:27).

ആ രംഗം എന്റെ മനസിൽ ഒരു ചിത്രമാക്കുമ്പോൾ, അവൻ ആ സ്ത്രീയോടു മറുപടി പറഞ്ഞപ്പോൾ യേശുവിന്റെ മുഖത്ത് വിടർന്ന പുഞ്ചിരി എനിക്ക് കാണാം, "ഓ സ്ത്രീയേ, നിന്റെ വിശ്വാസം വലിയതു. ഈ വാക്കു നിമിത്തം, പൊയ്ക്കൊൾക. ഭൂതം നിന്റെ മകളെ വിട്ടു പോയിരിക്കുന്നു" (മത്തായി 15:28; മർക്കൊസ് 7:29 നോക്കുക). "ആ നാഴിക മുതൽ അവളുടെ മകൾക്ക് സൗഖ്യമായി" എന്നാണ് മത്തായി എഴുതിയത് (മത്തായി 15:28). അവൾ നാട്ടിൽ മടങ്ങി ചെന്നപ്പോൾ, "മകൾ കിടക്കമേൽ കിടക്കുന്നതും [ആ ഭയങ്കരമായ അനുഭവത്തിൽ ക്ഷീണിതയായി], ഭൂതം അവളെ വിട്ടു പോയതും കണ്ടു" (മർക്കൊസ് 7:30) എന്നാണ് മർക്കൊസ് രേഖപ്പെ ടുത്തിയത്. എനിക്ക് ആ സംഭവം ഇഷ്ടപ്പെട്ടു!

ആ സംഭവം നാടകീയവും ആകർഷണീയവുമാണെങ്കിലും, അതു നമ്മെ പരിഭ്രമിപ്പിക്കുന്നതുമാണ്. നമുക്ക് അറിയാവുന്ന യേശുവിന്റെ സ്വഭാവവും ഉദ്ദേശവും വെച്ച് നോക്കുമ്പോൾ വ്യാഖ്യാതാക്കൾക്ക് അവന്റെ വാക്കുകളോട് യോജിക്കുവാൻ പ്രയാസം നേരിടുന്നുണ്ട്. യേശുവിന്റെ ആ വാക്കുകൾ മുഖവിലക്കെടുക്കുവാൻ കഴിയുമെന്നു ചിലർ പറയും. അവനെ വാസ്തവത്തിൽ അയച്ചത് "യിസ്രായേലിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കായിരുന്നു" (മത്തായി 10:6). പിന്നീട്, "ഈ തൊഴുത്തിൽ ... ഉൾപ്പെടാത്ത വേറെ ആടുകൾ [അതായത്, ജാതികൾ]" വിളിക്കപ്പെട്ട് അങ്ങനെ "ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും" (യോഹന്നാൻ 10:16).[16] അതിനിടയിൽ (ഈ വ്യാഖ്യാതാക്കൾ ഊന്നി പറയുന്നു), യേശു തന്റെ പ്രാഥമിക ഉദ്ദേശത്തിൽനിന്നു പിന്മാറുകയില്ല എന്നു തീരുമാനിച്ചിരുന്നു (മത്തായി 10:5). ആരംഭ പ്രതികരണത്തിൽ[17] ക്രിസ്തു തന്റെ പ്രാഥമിക ഉദ്ദേശം വ്യക്തമാക്കി എന്നു ഞാൻ വിശ്വസിക്കുന്നു, എന്നാൽ തീർച്ചയായും തികഞ്ഞ വിശദീകരണം അതല്ല. ജാതിയിൽപെട്ട ഒരാളുടെ സഹായാഭ്യർത്ഥന യേശു ഇതിനു മുമ്പ് സ്വീകരിക്കയു ണ്ടായി (മത്തായി 8:5–13). കൂടാതെ, അവൻ സോരിന്റെ തീരം വിട്ടു പോയശേഷം, ജാതികളിൽ[18] പലരേയും സൗഖ്യമാക്കുന്നുണ്ട്.

യേശുക്രിസ്തു ചെയ്തതിനെ കുറിച്ച് നാം പരിഗണിക്കുമ്പോൾ, ജാതികൾക്കെതിരായ ദുരഭിമാനം നാം തള്ളിക്കളയണം, എന്നതിന് എനിക്ക് അധികം ഊന്നൽ നൽകുവാൻ സാധ്യമല്ല. പുറജാതിക്കാ രോട് യെഹൂദന്മാർക്കുണ്ടായിരുന്ന എതിർപ്പ് യേശുവിനെ ബാധിച്ചി *രുന്നില്ല* (നോക്കുക ലൂക്കൊസ് 2:32; മത്തായി 8:10–12; 12:18, 21).

*എന്തു*ദ്ദേശത്തോടെയാണ് യേശു ആ സ്ത്രീയോട് സംഭാഷണം നടത്തിയതെന്നതിനെക്കുറിച്ചു നമുക്ക് അറിയില്ല എന്നു ഊന്നി പറയുന്നവരുണ്ട്. ഒരു നിയമമായി, അവ നമ്മെ ഓർമ്മിപ്പിക്കുന്നത്, യേശു ആരോട് സംസാരിക്കുന്നുവോ[19] അവരുടെ സ്വഭാവമനുസരിച്ചുള്ള

സമീപനമാണ് പുലർത്തിയത് എന്നാണ്. അതുകൊണ്ട്, അവർ ഓർമ്മിപ്പിക്കുന്നതു, പെട്ടെന്നു മറുപടി നൽകുവാനും രസകരമായി സംസാരിക്കുവാൻ കഴിവുള്ളവളും ആയുള്ള യേശുവിന്റെ സംഭാഷണ ത്തെയാണ്. യേശു സംസാരിച്ചപ്പോൾ അവന്റെ കണ്ണു ചിമ്മുന്നതു കാണുവാൻ എനിക്ക് ഒരു പ്രയാസവുമില്ല. സംഭാഷണാവസാനം അവന്റെ മുഖത്തു ചിരിയും വന്നിരിക്കണം. എന്നാലും, സംഭവത്തിൽ അതിൽ കൂടുതലുണ്ട്.

ക്രിസ്തു ആ സ്ത്രീയുടെ ആവശ്യത്തോട് പ്രതികരിച്ചതിനെ ക്കുറിച്ച് മറ്റൊരഭിപ്രായം പറയട്ടെ. ആ സംഭവത്തിന്റെ അവസാനം, യേശു, ആ പെൺകുട്ടിയെ സൗഖ്യമാക്കിയതുകൊണ്ട്, അതായിരുന്നു അവന്റെ ഉദ്ദേശം എന്നാണ് ഞാൻ കരുതുന്നത്. കൂടാതെ, അവന്റെ വാക്കുകളുടെ ഉദ്ദേശം സംഭവത്തിന്റെ അവസാനം ആ സ്ത്രീയുടെ വിശ്വാസത്തെ വെളിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു: “സ്ത്രീയേ, നിന്റെ വിശ്വാസം വലിയതു” (മത്തായി 15:28). ബി. എസ്. ഡീൻ എഴുതി, “കീഴടക്കാനാവാത്ത, എളിമയുള്ള, അവളുടെ വിശ്വാസം, ഇരുമനസും കാപട്യവുമുള്ള ഗലീലക്കാരായ[20] പരീശന്മാരുടേതിൽനിന്നും വ്യത്യസ്തമായി യേശുവിനെ നവോന്മേഷവാനാക്കിയിരിക്കണം.” ക്രിസ്തു രണ്ടു പ്രാവശ്യം മാത്രമാണ് വ്യക്തികളുടെ വിശ്വാ സത്തെ പ്രകീർത്തിക്കുകയുണ്ടായത് – അവർ രണ്ടു പേരും ജാതിയിൽ പെട്ടവരായിരുന്നു: ഈ സുറോഫൊയിനിക്യക്കാരിയും മറ്റൊന്നു ഒരു റോമൻ ശതാധിപനും (മത്തായി 8:10; ലൂക്കൊസ് 7:9).

മറ്റൊരു വാക്കിൽ പറഞ്ഞാൽ, പരുഷമെന്നു തോന്നിപ്പിക്കുന്ന ക്രിസ്തുവിന്റെ വാക്കുകളുടെ ഒരു ഉദ്ദേശം ആ സ്ത്രീയുടെ ആഴമേറിയ വിശ്വാസം ശിഷ്യന്മാരെ ധരിപ്പിക്കുവാനായിരുന്നു. അവളുടെ ഹൃദയവും വിശ്വാസവും (യോഹന്നാൻ 2:25) യേശുവിനറിയാമായി രുന്നു എന്നത് മന സ്സിൽ വയ്ക്കുക. ഈ സാധ്യത പരിഗണിക്കുക: ഭാവിയിൽ[21] അവന്റെ ശിഷ്യന്മാർക്ക് വേണ്ട വിശ്വാസം എന്നതിനെ സംബന്ധിച്ച പ്രധാന പാഠമായി ആ അവസരത്തെ ഉപയോഗിച്ചുകൊണ്ട് യേശു കുഴപ്പം പിടിച്ച ഒരു തടസത്തെ ഉപകാരപ്രദമായ ഇടവേളയാക്കി മാറ്റി. പന്തിരുവർക്ക് നേരിടുവാനിരിക്കുന്ന കുഴപ്പങ്ങളെ കുറിച്ച് അവൻ ബോധവാനായിരുന്നു (മത്തായി 10:17, 18, 21, 22, 24, 25). അവർക്ക് വിജയിക്കുവാനുള്ള ഏകമാർഗം ആ സ്ത്രീക്കു ണ്ടായിരുന്ന വിശ്വാസം ഉണ്ടായിരിക്കുക എന്നതാണ്: നിരുൽസാഹ പ്പെടുത്തുന്നതിനേയും വ്യതിചലിപ്പിക്കുന്നതിനേയും ഒഴിവാക്കുവാൻ കഴിവുള്ള വിശ്വാസം (1 യോഹന്നാൻ 5:4). നമുക്ക് ഓരോരുത്തർക്കും ഈ പാഠം ആവശ്യമാണ്.

ചിലപ്പോൾ, നിങ്ങൾ ഗൗരവമായ എന്തിലെങ്കിലും ഏർപ്പെട്ടിരിക്കു മ്പോഴായിരിക്കാം അതുമായി ബന്ധമില്ലാത്ത ഒരു കാര്യത്തിന് സഹായം ആവശ്യപ്പെട്ട് നിങ്ങളെ വിളിച്ചു തടസപ്പെടുത്തുന്നത്. അങ്ങനെ സംഭവി ക്കുമ്പോൾ, ആ തടസത്തെ എങ്ങനെ പ്രയോജനപ്പെടുത്താമെന്നും ക്രിയാത്മകമായി ഉപയോഗിക്കാമെന്നും നോക്കുക. മുൻപു സൂചിപ്പിച്ച തുപോലെ, അതിന്റെ അന്തിമഫലം നിങ്ങൾ ആരംഭത്തിൽ ചെയ്യുവാൻ ഉദ്ദേശിച്ചതിനേക്കാൾ അധികം മഹത്വം കർത്താവിനു നല്കുന്നതായിരിക്കും.

**ഒരു പുരുഷാരത്താൽ തടസപ്പെട്ടു**
**(മത്താ. 15:29-31; മർക്കൊ. 7:31-37)**

അവസാനം യേശുവും തന്റെ ശിഷ്യന്മാരും സോർ വിട്ടുപോയ പ്പോൾ, അവർ ഉടനെ ഗലീലിയിലേക്ക് പോയില്ല. പകരം, അവർ അപ്പോഴും ഹെരോദാവിന്റെ പ്രദേശം[22] ഒഴിവാക്കി, വടക്കോട്ട് സീദോ നിലേക്കും, പിന്നെ വടക്കുള്ള പർവ്വതങ്ങൾ വഴി യോർദ്ദാൻ നദിയുടെ തീരം വഴി സഞ്ചരിച്ച് അവസാനം, ഗലീലാക്കടലിന്റെ കിഴക്കുള്ള ഒരു നിർജ്ജനപ്രദേശത്ത് എത്തി (മർക്കൊസ് 8:4) അതു "ദെക്കപ്പൊലി പ്രദേശമായിരുന്നു" (മർക്കൊസ് 7:31).[23]

**കുഴപ്പം പിടിച്ച ഒരു തടസം**

കർത്താവു തന്റെ ലക്ഷ്യസ്ഥാനത്ത് എത്തിയപ്പോൾ, അവൻ ഒരു മലഞ്ചെരുവിൽ കയറി ഇരുന്നു (മത്തായി 15:29), അതു ശിഷ്യന്മാരെ[24] ഉപദേശിക്കുന്നതിനായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. ഒരിക്കൽ കൂടെ അവനെ തടസപ്പെടുത്തുകയുണ്ടായി: "വളരെ പുരുഷാരം, മുടന്തർ, കുരുടർ, ഊമർ, കൂനർ, മുതലായ പലരേയും അവന്റെ അടുക്കൽ കൊണ്ടുവന്നു[25] അവന്റെ കാൽക്കൽ വെച്ചു, അവൻ അവരെ സൗഖ്യമാക്കി" (മത്തായി 15:30).

അവിടെവെച്ചായിരുന്നു അവൻ രണ്ടു ഭൂതങ്ങളെ പുറത്താക്കിയതും അവനോടു ദേശം വിട്ടു പോകുവാൻ ആവശ്യപ്പെട്ടതും (മർക്കൊസ് 5:17). കർത്താവ് അവനോട് കരുണ കാണിച്ചതു മറ്റുള്ളവരോട് പങ്കിടുവാൻ സൗഖ്യമാക്കിയ ഒരാളോട് പറഞ്ഞു (മർക്കൊസ് 5:19). ഉടനെ, അവൻ പോയി "യേശു തനിക്ക് ചെയ്തതൊക്കെയും ദെക്കപ്പൊലി നാട്ടിൽ ഘോഷിച്ചു തുടങ്ങി," കേട്ടവരെല്ലാം അതിശയി ക്കയും ചെയ്തു (മർക്കൊസ് 5:20). ആ മനുഷ്യന്റെ ഘോഷണ ഫല മായി ആയിരക്കണക്കിന് ആളുകൾ (മർക്കൊസ് 8:9) ഇപ്പോൾ സഹായ ത്തിനായി ആ പ്രദേശത്തു നിന്നു വന്നിരിക്കുന്നു (മർക്കൊസ് 8:3). മുൻപു, ഇവിടെ നിന്നുള്ളവർ ഇങ്ങനെ പറഞ്ഞു, "ഇവിടം വിട്ടു പോക!" ഇപ്പോൾ അവർ വന്നു അപേക്ഷിക്കുന്നു, "ഞങ്ങളെ സഹായിക്ക!"[26]

**ഉപകാരപ്രദമായ ഒരു ഇടവേള**

തുടർച്ചയായി തടസങ്ങൾ നേരിട്ടപ്പോൾ അവൻ നിരുൽസാഹ പ്പെട്ടുവെങ്കിൽ, അവൻ അതു കാണിച്ചില്ല. ഈ അവസരത്തിൽ, അവൻ ആ തടസത്തെ ഉപകാരപ്രദമാക്കുവാൻ ജാതിയിൽ പെട്ട വലിയ പുരു ഷാരത്തെ[27] ജീവനുള്ള ദൈവത്തിലേക്ക് തിരിക്കുവാൻ ശ്രമിച്ചു: "... അവൻ അവരെ സൗഖ്യമാക്കി. ഊമർ സംസാരിക്കുന്നതും, കൂനർ സൗഖ്യമാകുന്നതും, മുടന്തർ നടക്കുന്നതും,[28] കുരുടർ കാണുന്നതും പുരുഷാരം കണ്ടിട്ട് ആശ്ചര്യപ്പെട്ടു; യിസ്രായേലിന്റെ[29] ദൈവത്തെ മഹത്വപ്പെടുത്തി" (മത്തായി 15:30, 31).

മർക്കൊസ് ഒരു പ്രത്യേക സംഭവം രേഖപ്പെടുത്തിയിരിക്കുന്നു: "ഒരു വിക്കനായ ഒരു ചെകിടനെ അവന്റെ അടുക്കൽ കൊണ്ടു വന്നു"[30] സൗഖ്യ മാക്കിയത് (മർക്കൊസ് 7:32).

> അവൻ അവനെ, പുരുഷാരത്തിൽനിന്നു വേറിട്ടു കൂട്ടിക്കൊണ്ടു പോയി, അവന്റെ ചെവിയിൽ വിരൽ ഇട്ടു, തുപ്പി,[31] അവന്റെ നാവിനെ തൊട്ടു; സ്വർഗത്തേക്ക് നോക്കി നെടുവീർപ്പിട്ടു, അവനോട്, "തുറന്നു വരിക!" എന്നർത്ഥമുള്ള, "എഫഥാ!"[32] എന്നു പറഞ്ഞു (മർക്കൊസ് 7:33, 34).

യേശു ആ മനുഷ്യന്റെ ചെവിയിൽ വിരലിട്ടതു എന്തിന്? അവൻ തുപ്പിയതെന്തിന്? നമ്മോട് പറഞ്ഞിട്ടില്ല. അത്തരം പ്രവൃത്തികൾ ഇതുപോലെയുള്ള മറ്റു അത്ഭുതങ്ങളിലില്ലാത്തതുകൊണ്ട്, അവ യാദൃശ്ചികമായിരുന്നു എന്നു പറയാം. നേരെ മറിച്ച്, സ്വർഗത്തേക്കു നോക്കി ''നീണ്ട നെടുവീർപ്പി'' ട്ടതു പ്രാധാന്യമർഹിക്കുന്നു: കർത്താവ് വികാരമില്ലാതെ,[33] യാന്ത്രികമായിട്ടല്ല സൗഖ്യമാക്കിയത് എന്നാണ് അതു നമ്മോട് പറയുന്നത്; ശാരീരികമായോ ആത്മിയമായോ കുഴപ്പമുള്ള ഏതൊരാളുടേയും ഹൃദയത്തെ അവൻ സ്പർശിച്ചിരുന്നു. "ഭൂമിയിൽ ജീവിക്കുന്ന ലക്ഷക്കണക്കിന് ആളുകൾക്ക് കേൾക്കുവാനും സംസാരി ക്കുവാനും കഴിയാത്തതുകൊണ്ടാണ്"[34] യേശു സ്വർഗത്തേക്ക് നോക്കി നെടുവീർപ്പിട്ടത് എന്നു ഒരു എഴുത്തുകാരൻ പറയുകയുണ്ടായി.

''തുറന്നുവരിക!'' എന്നു യേശു പറഞ്ഞപ്പോൾ, ആ മനുഷ്യന്റെ "ചെവികൾ തുറന്നു വരികയും, നാവിന്റെ വിക്ക് മാറുകയും, അവൻ വ്യക്തമായി സംസാരിക്കുകയും ചെയ്തു" (മർക്കൊസ് 7:35). ആളുകൾ "അതു കണ്ടു ആശ്ചര്യപ്പെട്ടു, 'അവൻ സകലവും നന്നായി ചെയ്തു,' എന്നു പറഞ്ഞു" (മർക്കൊസ് 7:37).

പിന്നീട് യേശു ആ പ്രദേശം വിട്ടു പോയപ്പോൾ, അവിടെയുള്ള വരുടെ ഹൃദയങ്ങളെ സുവിശേഷം[35] സ്വീകരിക്കുന്നതിനു ഒരുക്കിയി ട്ടാണ് പോയത്. തടസങ്ങളോട് നിങ്ങളും ഞാനും ശരിയായി പ്രതികരി ച്ചാൽ, നാം കർത്താവിന്റെ മനോഭാവമായിരിക്കും കാണിക്കുക – അങ്ങനെ തടസപ്പെടുത്തിയവരോടും സുവിശേഷം അറിയിക്കുന്നതിനു അവസരം ഒരുക്കും. അതിനെ കുറിച്ചു ചിന്തിക്കുക.

**മാന്ദ്യതയാൽ തടസപ്പെട്ടു**
**(മത്താ. 15:32-38; മർക്കൊ. 7:36; 8:1-9)**

മുൻപ്, യേശു സൗഖ്യമാക്കിയ ഒരാളോട് തനിക്ക് സംഭവിച്ചതെല്ലാം എല്ലാവരോടും പറയുവാൻ ആവശ്യപ്പെട്ടു (മർക്കൊസ് 5:19). എന്നാൽ ഇപ്പോൾ, അവന്റെ ശ്രോതാക്കളോട് സംഭവിച്ചത് "ആരോടും പറ*യരുതെന്നു* കല്പിച്ചു" (മർക്കൊസ് 7:36; എംഫസിസ് മൈൻ) – കാരണം അവന്റെ ഉദ്ദേശം മാറി. അവൻ ഇപ്പോൾ തന്റെ ശിഷ്യന്മാരുമായി തനിച്ചു സമയം ചെലവിടുവാൻ ആഗ്രഹിച്ചു.

സാധാരണപോലെ, അവന്റെ ആവശ്യം അവർ ചെവിക്കൊള്ളാ തിരിക്കയും, അവന്റെ ശ്രുതി ആ പ്രദേശമെങ്ങും വ്യാപിക്കയും ചെയ്തു (മർക്കൊസ് 7:36 നോക്കുക). എണ്ണം പെരുകി ''വീണ്ടും വലിയോരു പുരുഷാരം കൂടി വന്നു" (മർക്കൊസ് 8:1): "സ്ത്രീകളേയും കുട്ടികളേയും കൂടാതെ പുരുഷന്മാരുടെ എണ്ണം തന്നെ, നാലായിര ത്തോളമായി" (മത്തായി 15:38). വന്നവർ ഒരുപക്ഷെ എണ്ണായിരത്തിനും പന്തീരായിരത്തിനും ഇടക്ക് ആളുകൾ വന്നിരിക്കാം, അവരിൽ ചിലർ ''വളരെ ദൂരെ നിന്നു''

വന്നവരായിരുന്നു (മർക്കൊസ് 8:3).

**കുഴപ്പം പിടിച്ച ഒരു തടസം**

വീണ്ടും, തടസം നേരിട്ടപ്പോൾ യേശു കൃപാലുവായിരുന്നു – തടസം മൂന്നു ദിവസം നീണ്ടുനിന്നിരുന്നു (മത്തായി 15:32; മർക്കൊസ് 8:2). ആ മൂന്നു ദിവസത്തെ വിശദാംശങ്ങൾ നമുക്ക് നല്കിയിട്ടില്ല, എന്നാൽ അവൻ തുടർച്ചയായി ഉപദേശിക്കയും സൗഖ്യമാക്കുകയും[36] ചെയ്തു എന്ന കാര്യത്തിൽ സംശയമില്ല.

കഫർന്നഹൂമിൽ[37] നിന്നും അവനെ പിൻപറ്റിയ ആളുകളിൽ നിന്നു വ്യത്യസ്തമായി, ഇപ്പോൾ കൂടി വന്ന പുരുഷാരം കുറെ ആഹാരവുമായിട്ടായിരിക്കാം വന്നത് – എന്നാൽ, മൂന്നു ദിവസം കഴിഞ്ഞപ്പോൾ, അവർ കൊണ്ടുവന്ന സാധനങ്ങളെല്ലാം തീർന്നു. ആ സമയത്ത്, തടസങ്ങളുടെ സ്വഭാവം മാറി: അവർക്ക് ആഹാരം അത്യാവശ്യമായി വന്നു!

**ഉപകാരപ്രദമായ ഒരു ഇടവേള**

തന്റെ സ്വഭാവമനുസരിച്ച്, കർത്താവു കുഴപ്പം പിടിച്ച തടസത്തെ ഉപകാരപ്രദമായ ഇടവേളയാക്കി മാറ്റി. തന്റെ ആദ്യത്തെ പാഠം വീണ്ടും ശക്തമാക്കുവാൻ, അവൻ പ്രശ്നം ആദ്യം ശിഷ്യന്മാരോട് അവതരിപ്പിച്ചു (മത്തായി 15:32; മർക്കൊസ് 8:1–3). തുടർന്നു, അവർ പറഞ്ഞത്, "ആ പ്രശ്നം കൈകാര്യം ചെയ്യുവാൻ ഞങ്ങൾക്ക് അറിയില്ല" (മത്തായി 15:33; മർക്കൊസ് 8:4)!

അയ്യായിരം പേരെ പോഷിപ്പിച്ചത് ഇത്ര വേഗം അപ്പൊസ്തലന്മാർ മറന്നുപോയി എന്നു വിശ്വസിക്കുവാൻ ചില വ്യാഖ്യാതാക്കൾക്ക് പ്രയാസം നേരിടുന്നുണ്ട്. അവർ ഉറപ്പിച്ചുപറയുന്നത് അയ്യായിരം പേരെയും നാലായിരം പേരെയും പോഷിപ്പിച്ചത് ഒരേ സംഭവത്തിന്റെ വ്യത്യസ്ത രൂപമായിരുന്നു എന്നാണ്. അത്തരം തീർപ്പിനു ഒരു നീതീ കരണവുമില്ല:

ഒന്നാമത്, *രണ്ടു* സംഭവങ്ങളും മത്തായിയും മർക്കൊസും രേഖപ്പെടുത്തിയിട്ടുണ്ട് – ദശാബ്ദങ്ങൾക്ക് മുമ്പ് സംഭവിച്ച് കൈമാറിയ സംഭവങ്ങളെയല്ല അവർ എഴുതിയത്. മത്തായി ഒരു ദൃക്സാക്ഷിയായിട്ടാണ് അതെഴുതിയത് കാരണം അവൻ ഒരു അപ്പൊസ്തലനായിരുന്നു. ദൃക്സാക്ഷിയുടെ വിവരണമനുസരിച്ചായിരുന്നു മർക്കൊസ് എഴുതിയത് (അപ്പൊസ്തലനായിരുന്ന, പത്രൊസിന്റെ[38]).

രണ്ടാമത്, പിന്നീട് യേശു തന്റെ ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്നതിനിടക്ക് ആ *രണ്ടു* സംഭവങ്ങളെയും സൂചിപ്പിച്ചിട്ടുണ്ട് (മത്തായി 16:9, 10; മർക്കൊസ് 8:19, 20).

മൂന്നാമത്, രണ്ടു സംഭവങ്ങളിലും സമാനതകളുണ്ടെങ്കിലും, വ്യത്യാസങ്ങളുമുണ്ട്:

(1) സ്ഥലം വേറെയാണ്. ആദ്യത്തെ അത്ഭുതപോഷിപ്പിക്കൽ നടന്നത് ഗലീലാ കടലിന്റെ വടക്കേ കരയിലായിരുന്നു; രണ്ടാമത്തേത് തെക്കേ അറ്റത്തുമാണ് നടന്നത്.

(2) പുരുഷാരവും വേറെ ആയിരുന്നു. ആദ്യത്തേത് അധികവും യെഹൂദന്മാരും; രണ്ടാമത്തേത് അധികവും ജാതികളുമായിരുന്നു.

(3) പുരുഷാരത്തിന്റെ വലിപ്പവും വ്യത്യസ്തമായിരുന്നു – അയ്യായിരം

പുരുഷന്മാരും നാലായിരവും.

(4) അവയുടെ സമയവും വ്യത്യസ്തമായിരുന്നു. ആദ്യത്തെ പുരുഷാരം അവിടെ ഉണ്ടായിരുന്നത് ഒരു ദിവസമായിരുന്നു; രണ്ടാമത്തെ പുരുഷാരം മൂന്നു ദിവസമുണ്ടായിരുന്നു.

(5) ആഹാരം വേണ്ടി വന്നതിന്റെ കാരണവും വ്യത്യസ്തമായിരുന്നു. ആദ്യത്തെ പുരുഷാരം ആഹാരം കൊണ്ടുവന്നിരുന്നില്ല; രണ്ടാമത്തെ പുരുഷാരം കൊണ്ടുവന്നതു തീർന്നു പോയിരുന്നതു കൊണ്ടായിരുന്നു.

(6) ലഭ്യമായ വിഭവങ്ങളും വ്യത്യസ്തമായിരുന്നു. ആദ്യത്തേതിൽ അഞ്ചപ്പവും രണ്ടു മീനുമായിരുന്നു ഉണ്ടായിരുന്നത്; രണ്ടാമത്തേതിൽ ഏഴപ്പവും ഒരു മീനുമാണ് ഉണ്ടായിരുന്നത്.

(7) ഉപയോഗിച്ച ഉപകരണങ്ങളും വ്യത്യസ്തമായിരുന്നു. ഒന്നാമത്തേതിൽ പന്ത്രണ്ടു കുട്ട നിറച്ചെടുത്തിരുന്നു; രണ്ടാമത്തേതിൽ ഏഴു[39] കുട്ടയായിരുന്നു.

മറ്റു വ്യത്യാസങ്ങളും ശ്രദ്ധിക്കാവുന്നതാണ്: ആദ്യത്തെ പുരുഷാരം പുല്ലിലാണ് ഇരുന്നത് (മത്തായി 14:19; മർക്കൊസ് 6:39), രണ്ടാമത്തെ പുരുഷാരം നിലത്താണ് ഇരുന്നത് (മത്തായി 15:35; മർക്കൊസ് 8:6). ആദ്യത്തെ പുരുഷാരം യേശുവിനെ രാജാവാക്കുവാനായിരുന്നു ശ്രമിച്ചത്; എന്നാൽ രണ്ടാമത്തെ പുരുഷാരത്തിൽനിന്ന് അത്തരം ഒരു പ്രതികരണം ഉണ്ടായില്ല. ബൈബിൾ ദൈവശ്വാസീയമാണെന്നു വിശ്വ സിക്കുന്ന ആരും അവ രണ്ടും രണ്ടു സംഭവങ്ങളാണെന്നു വിശ്വസിക്കും. അതങ്ങനെയായതുകൊണ്ട്, അപ്പൊസ്തലന്മാരുടെ പ്രതികരണം നമുക്ക് എങ്ങനെ വിശദീകരിക്കുവാൻ സാധിക്കും?

വസ്തുത എന്തെന്നാൽ, പുതിയ സത്യം[40] ശിഷ്യന്മാരെ പഠിപ്പിക്കു വാൻ സാധാരണ ഒന്നിലധികം പ്രാവശ്യം എടുത്തിട്ടുണ്ട്. പുതിയത് എന്തെങ്കിലും പഠിക്കുവാൻ എനിക്ക് പരിഗണിക്കത്തക്ക സമയം എടുക്കേണ്ടിവന്നിട്ടുണ്ട് എന്നു *ഞാൻ* സമ്മതിക്കുന്നു. നിങ്ങൾ സമ്മതിച്ചാലും ഇല്ലെങ്കിലും, നിങ്ങളിലും അതു വാസ്തവമായിരിക്കും. ഒരേ സത്യം തന്റെ വിദ്യാർത്ഥികളെ വീണ്ടും വീണ്ടും പഠിപ്പിക്കുന്നതിനു യേശു എത്ര ക്ഷമയുള്ളവനായിരുന്നു! ക്രിസ്തുവിനോ അപ്പൊസ് തലന്മാർക്കോ അറിയാത്തതായിരുന്നില്ല വിശപ്പ് എന്നതും പരിഗണിക്കുക; ഒരു നിയമമായി, അത്ഭുതത്താൽ യേശു വിശപ്പിനെ ഇല്ലാതാക്കിയുമില്ല (നോക്കുക യോഹന്നാൻ 4:6, 8, 31). കൂടാതെ, അയ്യായിരം പേരെ പോഷിപ്പിച്ച ശേഷം അവൻ ശക്തമായി ശാസിച്ചതിനെ പന്തിരുവർ സ്വീകരിച്ചത് (യോഹന്നാൻ 6:26, 27) സൂചിപ്പിക്കുന്നത് അവൻ അത്തരം അത്ഭുതം ഇനി ചെയ്യുകയില്ല എന്നാണ്. ആ വസ്തുത കളെല്ലാം പരിഗണിക്കുമ്പോൾ, അവരുടെ പ്രതികരണത്തിൽ നമുക്ക് ആദ്യം തോന്നിയ അസാധാരണത്വം തോന്നുകയില്ല.

സംഭവത്തിന്റെ ശേഷം ഭാഗം നിങ്ങൾക്ക് അറിയാമല്ലോ: ഒരിക്കൽ കൂടെ, യേശു പുരുഷാരത്തെ പോഷിപ്പിക്കുകയുണ്ടായി (മത്തായി 15:34–38; മർക്കൊസ് 8:5–9). അവൻ ആ അത്ഭുതം ചെയ്തതു അവരുടെ വിശപ്പ് മാറ്റുന്നതിനു വേണ്ടി മാത്രമായിരുന്നില്ല, പന്തിരുവരെ ഒരു പാഠം പഠിപ്പിക്കുന്നതിനു കൂടെയായിരുന്നു എന്ന് ഓർമ്മിക്കുക. (അടുത്ത പാഠത്തിൽ നാം ഇതിനെ കുറിച്ച് പഠിക്കും.)

ഇപ്പോൾ, ഇതു പഠിക്കാം: ചിലപ്പോൾ, തടസങ്ങൾ നിങ്ങളുടെ ഉദ്ദേശങ്ങളിൽ നിന്നു വ്യതിചലിക്കാതെ അതിനു സഹായകരമായേക്കാം. അതുകൊണ്ടു, തടസങ്ങൾ വരുമ്പോൾ, നിങ്ങൾ ആദ്യം പദ്ധതി തയ്യാറാക്കിയതിനു അതു യോജിക്കുന്നുണ്ടോ എന്നു നോക്കണം. അപ്പോൾ നിങ്ങളുടെ പദ്ധതിയേക്കാൾ നല്ലതാണു കർത്താവിന്റേതെന്നു കാണാം!

**ഉപസംഹാരം**

തന്റെ ശിഷ്യന്മാരുമായി തനിച്ച് ആയിരിക്കുവാനുള്ള ആഗ്രഹം അവൻ ഉപേക്ഷിച്ചില്ല. അവൻ പുരുഷാരത്തെ പോഷിപ്പിച്ചു, അതിനുശേഷം അവരെ ദൂരെ അയച്ചിട്ട് പടകിൽ കയറി കടലിന്റെ പടിഞ്ഞാറെ കരയിലേക്ക് പോയി (മത്തായി 15:39; മർക്കൊസ് 8:9, 10). എങ്ങനെയായാലും, നിങ്ങൾക്ക് രണ്ടു വസ്തുതകൾ ഉറപ്പിച്ചു പറയാം: കൂടുതൽ തടസ്സങ്ങൾ വന്നപ്പോഴെല്ലാം (മത്തായി 15:39; 16:1; മർക്കൊസ് 8:10, 11), അവൻ തടസങ്ങളെ ഉപകാരമുള്ള ഇടവേളകളാക്കി മാറ്റുകയും ചെയ്തു.

''നാം മറ്റു പദ്ധതികൾ[41] നടപ്പാക്കുമ്പോൾ സംഭവിക്കുന്നതാണ്'' വാസ്തവത്തിൽ ജീവിതമെന്ന് ആരോ പറഞ്ഞിട്ടുണ്ട്. നമുക്ക് അതെടുത്തുകൊണ്ട് ഇങ്ങനെ പറയാം, "നാം ശ്രദ്ധിച്ചു ആവിഷ്ക്കരിച്ച പദ്ധതികൾ തടസ്സപ്പെടുമ്പോൾ ഉണ്ടാകുന്നതാണ് വാസ്തവത്തിൽ ജീവിതം." തടസങ്ങൾ നേരിടുമ്പോൾ കൂടുതൽ കനിവുള്ളവരാകു വാൻ ദൈവം നമ്മെ സഹായിക്കട്ടെ – അവ *വരുന്നു* – ശല്യപ്പെടു ത്തുന്ന തടസങ്ങളെ എങ്ങനെ ഉപകാരമുള്ള ശക്തമായ ഇടവേളകളാ ക്കാമെന്നു യേശുവിൽ നിന്നു പഠിക്കുവാൻ നമ്മെ ദൈവം സഹാ യിക്കട്ടെ!

**പ്രസംഗക്കുറിപ്പുകൾ**

നിങ്ങൾ ഈ പാഠത്തിനു ഒരു നീണ്ട തലക്കെട്ട് കൊടുക്കുകയാണെങ്കിൽ, ''കുഴപ്പം പിടിച്ച തടസങ്ങളെ ഉപകാരപ്രദമായ ഇടവേളയാക്കുക'' എന്നാക്കാം. ചെറിയ തലക്കെട്ടാണ് കൊടുക്കുന്നതെങ്കിൽ, "തടസങ്ങളെ വിജയകരമായി കൈകാര്യം ചെയ്യൽ" എന്നു കൊടുത്തു നോക്കുക.

ഈ പാഠത്തിലെ മൂന്നു സംഭവങ്ങളും ഒരു പ്രസംഗത്തിനു അടിസ്ഥാനമാക്കാം.

**സംഭവം 1**

ഈ പ്രസംഗത്തിനു ശേഷം, സമ്പ്രദായങ്ങളെ ലംഘിക്കുന്നതായി യേശുവിന്റെ ശിഷ്യന്മാരെ പരീശന്മാർ കുറ്റപ്പെടുത്തുന്നതിനെ കുറിച്ച് എന്റെ ഒരു പ്രസംഗം വരുന്നുണ്ട്. ആ സംഭവത്തെ പല രീതിയിൽ സമീപിക്കാം. പകരം ഉപയോഗിക്കാവുന്ന ഒരു ബാഹ്യരൂപരേഖ ഇതാ:

I. കുറ്റാരോപണം (മത്തായി 15:1, 2; മർക്കൊസ് 7:1–5).
II. ഉത്തരം (മത്തായി 15:3–9; മർക്കൊസ് 7:6–13).
III. പ്രായോഗികത (മത്തായി 15:10–20; മർക്കൊസ് 7:14–23).

താഴെ കൊടുത്തിരിക്കുന്നതുപോലെയുള്ള പോയിന്റുകൾ എടുത്ത്

നിങ്ങൾക്ക് "കർത്താവ് പരീശന്മാരെ ഞെട്ടിച്ച ദിവസം"[42] എന്ന പേരിൽ, ഒരു പ്രസംഗം തയ്യാറാക്കാം:

I. മാനുഷകല്പനകളായ ഉപദേശങ്ങൾ ദൈവകല്പനകളെ വ്യർഥമാക്കുന്നു എന്നു പറഞ്ഞപ്പോൾ അതു പരീശന്മാരെ ഞെട്ടിച്ചു (മത്തായി 15:3–6).
II. പുറമെ ചെയ്യുന്നത് രണ്ടാമതു വരുന്നതാണെന്നു യേശു പറഞ്ഞപ്പോൾ പരീശന്മാർ ഞെട്ടിപ്പോയി (വാ. 7, 8).
III. മനുഷ്യ–ാധികാരത്തിലുള്ള ആരാധന വ്യർത്ഥമാണെന്നു യേശു പറഞ്ഞപ്പോൾ പരീശന്മാർ ഞെട്ടിപ്പോയി (വാ. 9).
IV. കൈകഴുകുന്നതിനേക്കാൾ പ്രാധാന്യമുള്ളതാണ് ഹൃദയത്തിന്റെ അവസ്ഥ എന്നു യേശു പറഞ്ഞപ്പോൾ പരീശന്മാർ ഞെട്ടിപ്പോയി (വാ. 10, 11, 15–20).
V. മനുഷ്യനിർമ്മിതമായ സ്ഥാപനങ്ങൾ നശിച്ചുപോകുമെന്നു യേശു പറഞ്ഞപ്പോൾ പരീശന്മാർ ഞെട്ടിപ്പോയി (വാ. 13).
VI. ആത്മാർത്ഥത മാത്രം പോരാ എന്നു യേശു പഠിപ്പിച്ചപ്പോൾ പരീശന്മാർ ഞെട്ടിപ്പോയി (വാ. 14).[43]

ഈ സംഭവത്തെ കുറിച്ച് റിച്ചാർഡ് റോജേഴ്സ് പഠിപ്പിച്ചപ്പോൾ, അവസാനം, അദ്ദേഹം ഈ ആത്മിയ പാഠങ്ങൾ നൽകുകയുണ്ടായി:

- മനുഷ്യരുടെ സമ്പ്രദായങ്ങളനുസരിച്ച് മതപരമായ കാര്യങ്ങൾ ചെയ്യുന്നവരാണ് പലപ്പോഴും സത്യത്തിന്റെ ശത്രുക്കൾ.
- പാപം ചെയ്യുന്നതിനും ദൈവകല്പന ലംഘിക്കുന്നതിനും ഉള്ള ഒഴികഴിവായി മതപരമായ വ്യവസ്ഥകളെ കാണരുത്.
- ഹൃദയത്തിൽനിന്നു വരാതെ, അധരം കൊണ്ടുള്ള ആരാധന വ്യർത്ഥമാണെന്നു നാം അറിയണം.
- നമ്മുടെ ആന്തരികമനുഷ്യനെ വളർത്തിയെടുത്താൽ മാത്രമേ, ദൈവം നമ്മുടെ ബാഹ്യമനുഷ്യനെ ആഗ്രഹിക്കയുള്ളു. വിശുദ്ധി ഹൃദയത്തിൽ നിന്നു വരണം.
- സമ്പ്രദായങ്ങളിൽ നിന്നു സ്വതന്ത്രമാക്കുവാൻ പ്രയാസമാണ്. കഴിഞ്ഞകാലത്തിൽ ചെയ്തിരുന്ന ചിലതു ഉള്ളിൽ മാറാതെ കിടക്കും. പത്രൊസ് പോലും ഒരു പാഠം രണ്ടു പ്രാവശ്യം പഠിക്കേണ്ടിയിരുന്നു![44]

പരീശന്മാരുടെ കുറ്റാരോപണ സംഭവത്തിന്റെ ചെറിയ ഭാഗങ്ങൾ പ്രസംഗങ്ങൾക്ക് അടിസ്ഥാനമാക്കാം. (1) ഉദാഹരണത്തിനു, യേശുവിന്റെ "കൊർബാൻ" ചിത്രീകരണം ഉപയോഗിക്കാവുന്ന ഒരു അവതരണമാണ് "നമ്മുടെ മാതാപിതാക്കളെ *നാം* കരുതേണ്ടതുപോലെ കരുതാതിരിക്കുന്നതു എന്തുകൊണ്ട്?" ഇപ്പോൾ നമുക്ക് കൊർബാൻ ഒഴികഴിവില്ല, എങ്കിലും ആളുകൾ, "അതെന്റെ ഉത്തരവാദിത്തമല്ല" എന്ന മട്ടിൽ ഒഴിഞ്ഞു മാറുന്നുണ്ട്. (2) ''വ്യർത്ഥമായ ആരാധന'' യെ കുറിച്ചുള്ള പ്രസംഗത്തിനു യെശയ്യാവിന്റെ പുസ്തകത്തിലുള്ളതു ഉപയോഗിക്കാം. ഏതു വിധത്തിലുള്ള ആരാധനയും ദൈവം സ്വീകരി ക്കുമെന്നാണ് ചിലർ കരുതുന്നത്, പക്ഷെ ഈ വേദഭാഗം പറയുന്നത്, ദൈവവചനത്തെ മാനിക്കാതെയും, ഹൃദയത്തിൽനിന്നു വരാതെയു മുള്ള ആരാധന വ്യർത്ഥമാണെന്നാണ്.

മനുഷ്യ-നിർമ്മിത കല്പനക ളാൽ പുതിയ നിയമാരാധനയിൽ നിന്നു വ്യതിചലിച്ചു പോകുന്നതിനെ കുറിച്ചു പ്രസംഗിക്കുവാൻ ആദ്യത്തെ പോയിന്റ് ഉപയോഗിക്കാം. രണ്ടാമത്തെ പോയിന്റ് ഇടവകയുടെ പ്രായോഗികതക്കായി ഉപയോ ഗിക്കാം. (3) അവസാനം, മത്തായി 15:18-20 ലെയും മർക്കൊസ് 7:20-23 ലെയും ക്രിസ്തുവിന്റെ വാക്കുകളെ ഉപയോഗിക്കാവുന്ന പ്രസംഗമാണ് “മനുഷ്യനെ അശുദ്ധമാക്കുന്നതെന്ത്?” അവിടെ പറഞ്ഞിരിക്കുന്ന ഓരോ പാപത്തെ കുറിച്ചും വ്യാഖ്യാന പുസ്തകങ്ങളിൽ നിന്നു ധാരാളം വസ്തുതകൾ ലഭിക്കും.

**സംഭവം 2**

സുറോഫൊയ്നിക്യക്കാരിയുടെ വിവരണം വലിയൊരു പ്രസംഗ മായി ഉപയോഗിക്കാം. ഈ പാഠത്തിൽ ഞാൻ സൂചിപ്പിച്ചതുപോലെ, ആ സംഭവം എനിക്ക് ഇഷ്ടമാണ്. “സമ്പ്രദായങ്ങളെ” കുറിച്ച് അവതരി പ്പിക്കേണ്ടി വന്നില്ലെങ്കിൽ എന്റെ അടുത്ത പ്രസംഗം ആ സംഭവത്തെ കുറിച്ചായിരിക്കും. പ്രസംഗത്തിന്റെ ആദ്യഭാഗം സംഭവത്തെ നാടകീയമായി വീണ്ടും പറയുന്നതായിരിക്കും, രണ്ടാമത്തെ ഭാഗം യേശു അങ്ങനെ സംസാരിച്ചതെന്തുകൊണ്ട് എന്ന് പറഞ്ഞ് ആ സ്ത്രീക്കുണ്ടായിരുന്ന വിധത്തിലുള്ള വിശ്വാസം ഉണ്ടാകേണ്ടതിന്റെ ആവശ്യം വിശദീകരിക്കുന്നു.

**സംഭവം 3**

നാലായിരം പേരെ അത്ഭുതകരമായി പോഷിപ്പിച്ചതിനെ അയ്യായിരം പേരെ അത്ഭുതകരമായി പോഷിപ്പിച്ചത് നിഴലിടുകയായിരുന്നു. ആദ്യം പറഞ്ഞതിനെ കുറിച്ച് വളരെ കുറച്ചും, രണ്ടാമതു പറഞ്ഞതിനെ കുറിച്ച് അസംഖ്യവും പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. നിങ്ങൾ മുൻപ് അയ്യാ യിരം-പേരെ-പോഷിപ്പിക്കുന്നതിനെ കുറിച്ച് പ്രസംഗിച്ചിട്ടില്ലെങ്കിൽ, അല്പം “വ്യത്യസ്തമാ” കുവാൻ ഇപ്പോൾ നാലായിരം പേരെ പോഷിപ്പിച്ചതിനെ കുറിച്ച് പ്രസംഗിക്കുക. രണ്ടു സംഭവത്തിലും ഒരേ അടിസ്ഥാന പോയിന്റുകൾ ഉപയോഗിക്കാം.

### മറ്റൊരു സാധ്യത

മർക്കൊസ് 7:37-ൽ നിന്നുള്ള വാചകത്തെ എടുത്ത് പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്: “അവൻ എല്ലാം നന്നായി ചെയ്തു.” സാഹചര്യം നോക്കിയ ശേഷം, ആ വാചകത്തിലെ പൊതുവായ സത്യം എടുത്തുപറയാം: കർത്താവ് *എപ്പോഴും* “കാര്യങ്ങൾ നന്നായിട്ടാണ്” ചെയ്യുന്നത്. പിന്നെ നിങ്ങൾ ഊന്നി പറയുവാൻ ആഗ്രഹിക്കുന്നതിനെ എടുക്കാം: സൃഷ്ടി അവൻ നന്നായി ചെയ്തു; വിവാഹവും കുടുംബവും സ്ഥാപി ക്കുന്നത് അവൻ നന്നായി ചെയ്തു; നമുക്ക് ബൈബിൾ തന്നതിൽ അവൻ നന്നായി ചെയ്തു; അവൻ ഭൂമിയിൽ വന്നു നമുക്കായി മരിച്ചത് നന്നായി ചെയ്തു; രക്ഷക്കുള്ള നിബന്ധനകൾ നല്കിയതും നന്നായി ചെയ്തു; അവൻ ഭൂമിയിൽ സഭ പണിതതും നന്നായി ചെയ്തു; അതു തുടരുന്നു.

### നമുക്ക് എല്ലാവർക്കും ആവശ്യമുള്ളവ

ദൈവകൃപയുടെ ഗുണഭോക്താക്കളാണ് നാം എല്ലാവരും. ചിന്തി ക്കേണ്ട

മൂന്നു വേദഭാഗങ്ങൾ ഇതാ:

- "നിങ്ങൾക്ക് ലഭിച്ചിട്ടില്ലാത്തതായി എന്തുണ്ട്?" (1 കൊരിന്ത്യർ 4:7).
- "ഞാൻ ആയിരിക്കുന്നതു ദൈവകൃപയാലാണ്" (1 കൊരിന്ത്യർ 15:10).
- "... ഞാനല്ല, എന്നോടുകൂടെയുള്ള ദൈവകൃപയത്രേ" (1 കൊരിന്ത്യർ 15:10).

നമുക്ക് അവന്റെ കൃപക്കായി ദൈവത്തെ സ്തുതിച്ച് – സ്നേഹ ത്തോടും നന്ദിയോടും അവനോട് പ്രതികരിക്കാം (റോമർ 2:4; 1 യോഹന്നാൻ 5:3). ദൈവകൃപ ഇല്ലായിരുന്നു എങ്കിൽ, നമ്മിൽ ആരും രക്ഷ പ്രാപിക്കുമായിരുന്നില്ല (എഫെസ്യർ 2:8, 9)!

---

കുറിപ്പുകൾ

[1]അടിസ്ഥാനപരമായി, മത്തായിയും മർക്കൊസും മാത്രമാണ് സംഭവത്തിന്റെ കാലത്തെ രേഖപ്പെടുത്തിയിരിക്കുന്നത്. [2]പിൻവരുന്ന ഭാഗത്തെ പോലെ യോഹന്നാൻ 7:1 യോഹന്നാൻ 6:4 മായി യോജിച്ചിരിക്കുന്നു എന്നു തോന്നുന്നില്ല. എന്തുകൊണ്ടു താൻ കൂടാര പെരുന്നാ ളിനു (സമാഗമനകൂടാരം) പോകുന്നില്ല എന്നു തന്റെ സഹോദരന്മാരോട് യേശു പറഞ്ഞു എന്നു വാക്യം പറയുന്നു. [3]ഞാൻ താമസിക്കുന്ന സ്ഥലത്ത്, ആളുകൾ വിരുന്നിനിടക്ക് പറയും "ഹീ കെപ്റ്റ് എ ലോ പ്രൊഫൈൽ." [4]*ക്രിസ്തുവിന്റെ ജീവിതം, 1* ലെ ക്രിസ്തുവിന്റെ ജീവിതത്തിന്റെ ബാഹ്യരൂപ രേഖ നിങ്ങൾക്ക് വേണമെങ്കിൽ അവലോകനം ചെയ്യാം. [5]ഈ സംഭവത്തിന്റെ പൂർണ്ണമായ വിശദീകരണത്തിനു, ഈ പുസ്തകത്തിൽ തുടർന്നു വരുന്ന പ്രസംഗങ്ങൾ നോക്കുക. [6]നമുക്ക് അറിയാവുന്നേടത്തോളം, പരീശന്മാർ ആ ആരോപണം യേശുവിൽ പിന്നെ ഉന്നയിക്കയുണ്ടായില്ല. തീർച്ചയായും, അവനെ പിടിച്ചപ്പോൾ അവർ അതു കൊണ്ടുവന്നില്ല. [7]പരീശന്മാരെക്കുറിച്ചു യേശു ശിഷ്യന്മാരെ മുന്നറിയിക്കുന്നതു തുടരുന്നുണ്ട് – അതു നമ്മുടെ അടുത്ത പാഠത്തിൽ നാം കാണും (നോക്കുക മത്തായി 15:39—16:12; മർക്കൊസ് 8:10–21). [8]യേശു മുൻപും ഉപമകൾ ഉപയോഗിച്ചിട്ടുണ്ട് (ലൂക്കൊസ് 6:39), അവൻ വീണ്ടും ഉപയോഗിക്കും (മത്തായി 23:16, 24). [9]ഈ പുസ്തകത്തിൽ ഉള്ള "പരീശന്മാർ ഇടർച്ച നേരിട്ടപ്പോൾ," എന്ന പാഠം നോക്കുക. [10]യേശു ഫൊയ്നിക്യയിലേക്ക് പോയതു സുവിശേഷോദ്ദേശത്തിനായിരുന്നു എന്നു ചില എഴുത്തുകാർ പറയുന്നുണ്ട്, എന്നാൽ മർക്കൊസ് 7:24 ഉം മത്തായി 15:24 ഉം പറയുന്നത് അങ്ങനെയല്ല എന്നാണ്.

[11]പുരാതന യെഹൂദ ചരിത്രത്തിന്റെ ഭാഗമായിരുന്നു ഫൊയ്നിക്യയും സോരും – അതു ക്രിയാത്മകമായും നിഷേധാത്മകമായും. [12]ശരിക്കുള്ള വേദപുസ്തകത്തിൽ "യവന" എന്നാണ് (കെജെവി നോക്കുക). പുതിയനിയമത്തിൽ "യവന" എന്ന പ്രയോഗം ജാതികളെയാണ് സൂചിപ്പിക്കുന്നത്. [13]യോഹന്നാൻ 4:25–ൽ ശമര്യക്കാരി "മശിഹ" എന്ന വാക്ക് ഉപയോഗിച്ചതു മായി ആ പ്രയോഗത്തെ താരതമ്യം ചെയ്യുക. [14]നിസാര പ്രശ്നങ്ങൾക്കുള്ള അവരുടെ "സർവ്വോദ്ദേശ–പരിഹാരമായിരുന്നു" അത് (മത്തായി 14:15 നോക്കുക). മത്തായി 15:24 അനുസരിച്ച്, അവർ പറയുന്നത് അവൾക്ക് ആവശ്യമുള്ളതു ലഭിച്ചപ്പോൾ അവരെ തനിച്ചാക്കിയിട്ട് അവൾ പോയി എന്നാണ്. [15]"ആദ്യം" എന്ന വാക്ക് സൂചിപ്പിക്കുന്നത് ജാതികൾക്ക് *പിന്നീട്* അവസരം ഉണ്ട*ാവും* എന്നാണ് – തീർച്ചയായും,

അതായിരുന്നു, സംഭവിച്ചതും. [16]ഇതു സംഭവിച്ചത് ക്രിസ്തു ശിഷ്യന്മാർക്ക് മഹത്തായ ആജ്ഞ കൊടുത്ത് സുവിശേഷം സകല മനുഷ്യരോടും അറിയിക്കുവാൻ പറഞ്ഞയച്ചപ്പോഴാണ് (മത്തായി 28:18–20; മർക്കൊസ് 16:15, 16). [17]താൻ അവിടെ എന്തു നേടണമെന്നാഗ്രഹിച്ചുവോ, അതിനായി യേശുവിനു വളരെ എളുപ്പത്തിൽ സഹായാഭ്യർത്ഥന മാനിച്ച് ഫൊയ്നിക്യയിലേക്ക് പോകാ മായിരുന്നു. [18]ഈ പാഠത്തിലെ അടുത്ത ഭാഗമായ, "ഒരു പുരുഷാരത്താൽ തടസപ്പെട്ടു" എന്നതിൽ കൂടുതൽ വിശദീകരണങ്ങളുണ്ട്. [19]യോഹന്നാൻ 3–ലെ യെഹൂദപ്രമാണിയോടുള്ള യേശുവിന്റെ സമീപനവും യോഹന്നാൻ 4–ലെ ശമര്യക്കാരിയോടുള്ള അവന്റെ സമീപനവും തമ്മിലുള്ള വ്യത്യാസം നോക്കുക. [20]ബി. എസ്. ഡീൻ, "ആൻ ഔട്ട്ലൈൻ ഓഫ് ന്യൂ ടെസ്റ്റമെന്റ് ഹിസ്റ്ററി," *ട്രൂത്ത് ഫോർ ടുഡേ* (മാർച്ച് 1992): 20.

[21]യേശു ജാതിയിൽപെട്ടവരെ സഹായിച്ചപ്പോഴെല്ലാം ശക്തമായി ധരിപ്പിച്ചത്, ദൈവത്തിനു യെഹൂദരല്ലാത്തവരെയും കുറിച്ച് വിചാരമുണ്ടായിരുന്നു എന്നാണ്. [22]ചിലർ ഇതിനെ യേശുവിന്റെ "ഗലീലയിൽനിന്നുള്ള രണ്ടാമത്തെ പിൻവാങ്ങലാണെന്നും" മറ്റു ചിലർ ഇതു "ഗലീലയിൽനിന്നുള്ള മൂന്നാമത്തെ പിൻവാങ്ങലാണെന്നും" പറയുന്നുണ്ട്, അവൻ ഗലീലയിൽനിന്നു ദെക്കപ്പൊലിക്ക് പോകാതിരുന്നതുകൊണ്ട്, അവൻ "പിൻവാങ്ങിയില്ല." അത് ഒരു "പിൻവാങ്ങൽ" ആയിരുന്നാലും അല്ലെങ്കിലും കാര്യമില്ല – അങ്ങനെ, എങ്കിൽ, എണ്ണത്തിലും വലിയ പ്രാധാന്യമില്ല. ഈ സമയത്ത്, യേശു ഹെരോദാവിന്റെ പ്രദേശം ഒഴിവാക്കി, എന്നറിഞ്ഞാൽ മാത്രം മതി. [23]ഈ പുസ്തകത്തിലുള്ള, "യേശുവിന്റെ ശുശ്രൂഷാകാലത്തെ പാലസ്തീൻ" എന്ന ചിത്രത്തിൽ ദെക്കപ്പൊലി കാണാം. [24]അക്കാലത്ത് പഠിപ്പിച്ചിരുന്നത് ഇരുന്നുകൊണ്ടായിരുന്നു (മത്തായി 5:1, 2). [25]ആദ്യവേദപുസ്തകത്തിൽ "കാസ്റ്റിങ്ങ് ദെം ഡൗൺ" എന്നായിരുന്നു (കെജെവിയും ഏഎസ്‌വിയും താരതമ്യം ചെയ്യുക). അവർ രോഗികളോട് മോശമായി പെരുമാറി എന്നു നാം വിചാരിക്കരുത്, എന്നാൽ അവർ വേഗതയുള്ള വരും കരുതലുള്ളവരുമായിരുന്നു എന്നു ആ വാക്കുകൾ സൂചിപ്പിക്കുന്നു. [26]നിങ്ങൾക്ക് പദം മാറ്റം ഇഷ്ടമാണെങ്കിൽ, താഴെ കാണുന്ന പ്രയോഗങ്ങൾ ഉപയോഗിക്കാം: മുൻപു, അവിടെയുള്ളവർ പറഞ്ഞത്, "ഞങ്ങളുടെ തീരം വിട്ടുപോക!" ഇപ്പോൾ പറയുന്നത്, "ഞങ്ങളുടെ രോഗികളെ സൗഖ്യമാക്കുക!" മറ്റൊരു സാധ്യതയാണ് "ഞങ്ങളുടെ തീരം ഉപേക്ഷിക്കുക" എന്നും "ഞങ്ങളുടെ രോഗികളെ സഹായിക്കുക." [27]കടലിന്റെ കിഴക്കേ തീരത്തുനിന്നുള്ളവരേക്കാൾ (അയ്യായിരം പേർ) രണ്ടാമത്തെ പുരുഷാരം വ്യത്യസ്തരായിരുന്നു. ആദ്യത്തെ പുരുഷാരം കഫർന്നഹൂമിൽനിന്നു യേശുവിനെ അനുഗമിച്ച യെഹൂദന്മാരായിരുന്നു. രണ്ടാമത്തെ പുരുഷാരം ആ പ്രദേശത്തുള്ളവരും അധികവും ജാതികളും ആയിരുന്നു. [28]മൂല വേദപുസ്തകത്തിൽ "മെയിമ്ഡ്" ആയവർ "ഹോൾ" ആയിതീർന്നു എന്നാണ് (കെജെവി നോക്കുക). ലിവിങ്ങ് ബൈബിളിൽ ഈ സമാന്തര പ്രയോഗമാണുള്ളത്: "കൈകാലുകൾ നഷ്ടപ്പെട്ടവർക്ക് പുതിയവ ലഭിച്ചു." ഇന്നു "അത്ഭുതം നടത്തുന്നു" എന്ന് അവകാശപ്പെടുന്നവർക്കിടയിലേക്ക് അതുപോലെ കൈ–നഷ്ടപ്പെട്ട ഒരാളെ കൊണ്ടു ചെന്നാലെന്തായിരിക്കും സംഭവിക്കുക എന്നു ഊഹിക്കുവാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? [29]കൂടിവന്നവരിലധികവും ജാതികളായിരുന്നു എന്നതിന്റെ കൂടുതൽ തെളി വാണ് "യിസ്രായേലിന്റെ ദൈവം" എന്ന പ്രയോഗം. [30]സ്പഷ്ടമായും, ആ മനുഷ്യനു സംസാരിക്കുവാൻ കഴിയാതിരുന്നത് കേൾക്കുവാൻ കഴിയാതിരുന്നതുകൊണ്ടു മാത്രമായിരുന്നില്ല. മർക്കൊസ് 7:35 പറയുന്നത് അവന്റെ "നാവിനു വിക്ക്" ഉണ്ടായിരുന്നു എന്നാണ്.

[31]"തുപ്പൽകൊണ്ട്" എന്നതു എൻഏഎസ്ബിയിൽ ചെരിച്ചെഴുതിയിരിക്കുന്ന തുകൊണ്ട്, അതു തർജ്ജിമക്കാർ കൂട്ടിച്ചേർത്തതായിരിക്കാം. ഗ്രീക്ക് വേദ പുസ്തകത്തിൽ

അക്ഷരികമായി “തുപ്പി, അവൻ നാവിന്മേൽ തൊട്ടു” എന്നാണ്. മൂലഗ്രന്ഥത്തിൽ ക്രിസ്തു *എവിടെ* തുപ്പി എന്നോ, തുപ്പൽ കൊണ്ടു എന്തു (എന്തെങ്കിലും) ചെയ്തു എന്നോ പറയുന്നില്ല. [32]അതൊരു അരാമ്യവാക്കാണ്. [33]ഞങ്ങളുടെ ഭാഗത്ത്, ഞങ്ങൾ പറയും, “ഹീ ഡിഡ് നോട്ട് സെറ്റ് ഹിസ് ഹീലിങ്ങ് പവേഴ്സ് ഓൺ ആട്ടോപൈലറ്റ്.” [34]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 403. മെക്ഗാർവേ സൂചിപ്പിച്ചത് ഫ്രെഡറിക് ഡബ്ലിയു. ഫരാരിന്റെ, *ദ ലൈഫ് ഓഫ് ക്രൈസ്റ്റിൽ* നിന്നായിരുന്നു (ന്യൂ യോർക്ക്: കാസെൽ ആന്റ് കമ്പനി., 1885), 229–30. [35]യെരുശലേമിൽനിന്നു സഭ ചിതറിപോയപ്പോൾ (പ്രവൃത്തികൾ 8:1–4), ക്രിസ്ത്യാനികൾ പാലസ്തീനു ചുറ്റുമുള്ള പ്രദേശങ്ങളിലേക്ക് പോയി (പ്രവൃ ത്തികൾ 8:2, 5; 11:19). അവിടെയുള്ളവർ പലരും ശരിയായി പ്രതികരിച്ചത് യോഹന്നാന്റെയും, യേശുവിന്റെയും, അപ്പൊസ്തലന്മാരുടേയും ആരംഭ പ്രവർ ത്തനഫലമായിട്ടായിരുന്നു. [36]ഇത് അവൻ അയ്യായിരം പേർക്കു ചെയ്തതുമായി താരതമ്യം ചെയ്യുക (മർക്കൊസ് 6:34; മത്തായി 14:14). [37]വായിക്കുക മത്തായി 14:13, 14; മർക്കൊസ് 6:32–34; ലൂക്കൊസ് 9:10, 11. കൂടാതെ ഈ പുസ്തകത്തിലെ “ആളുകൾക്ക് വാസ്തവത്തിൽ സഹായം ആവശ്യ മുള്ളപ്പോൾ” എന്ന പാഠത്തിൽ, ആ വാക്യങ്ങളെ കുറിച്ചു പരാമർശിച്ചിരിക്കുന്നത് അവലോകനം നടത്തുക. [38]*ക്രിസ്തുവിന്റെ ജീവിതം, 1* ലെ “മർക്കൊസിന്റെ പുസ്തകം, ക്രിസ്തു ഒരു ദാസൻ” എന്നീ പാഠങ്ങൾ, അവലോകനം നടത്തുക. [39]രണ്ടാമത്തെ പോഷിപ്പിക്കലുമായുള്ള ബന്ധത്തിൽ “കുട്ട” എന്ന വാക്കിന് മറ്റൊരു ഗ്രീക്ക് വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. നാലായിരം പേരെ പോഷിപ്പി ക്കുന്ന തിൽ ഉപയോഗിച്ച “കുട്ട” എന്ന വാക്കിനർത്ഥം “ഒരു *വലിയ* കുട്ട” എന്നാണ്. ഒരാളെ കൊള്ളിക്കാവുന്ന കുട്ടകളായിരുന്നു അവ. [40]ജെ. ഡബ്ലിയു. മെക്ഗാർവെ എഴുതിയത് എന്തെന്നാൽ “മുമ്പിലത്തെ പോലെ യുള്ള അനുഭവത്തെ കൂടാതെ, ഒരു അത്ഭുതം പ്രതീക്ഷിച്ചിട്ടു ലഭിക്കാതിരുന്നത്, യിസ്രായേൽ ചരിത്രത്തിലും പന്തിരുവർക്കും ഒരു പൊതു സംഭവമായിരുന്നു [നോക്കുക സംഖ്യാപുസ്തകം 11:21–23; സങ്കീർത്തനങ്ങൾ 78:19, 20]” എന്നാണ് (മെക്ഗാർവെ ആന്റ് പെൻലെറ്റൺ, 405).

[41]റോബെർട്ട് ലോറെൻസ് ബാൾസെർ, ക്വോട്ടഡ് ഇൻ ലിയോണാർഡ് ലൂയിസ് ലെവിൻസൺ, *വെബ്സ്റ്റേഴ്സ് അൺഅഫ്രൈഡ് ഡിക്ഷ്ണറി* (ന്യൂയോർക്ക്: കൊളിയർ ബുക്സ്, 1967), 138. [42]ഈ പുസ്തകത്തിലുള്ള “പരീശന്മാർക്ക് ഇടർച്ച നേരിട്ടപ്പോൾ” എന്ന പാഠം, നോക്കുക. [43]ആൽഗെർ ഫിച്ചിന്റെ, *പ്രീച്ചിങ്ങ് ക്രൈസ്റ്റിൽ* നിന്നും എടുത്തതാണ് (ജോപ്ലിൻ, മോ.: കോളേജ് പ്രെസ്, 1992), 79. [44]റിച്ചാർഡ് റോജേഴ്സ്, *ബിഹോൾഡ് യുവർ കിങ്ങ് (ബുക്ക് ഓഫ് മാത്യു)* (ലബോക്, ടെക്സ്.: സൺസെറ്റ് സ്റ്റഡി സീരീസ്, എൻ.ഡി.), 19.